# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: **1198** **14.06.2012 -** ൽ മറുപടിയ്ക്ക്

### തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക് നിർമ്മാണം

ചോദ്യം
**ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

ഉത്തരം
**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**
**(മരാമത്ത് വകുപ്പു മന്ത്രി)**

(എ) തൃക്കരിപ്പൂർ ഗവൺമെന്റ് പോളി ടെക്നിക്കിൽ പണിമുടങ്ങി കിടക്കുന്ന കെട്ടിടങ്ങൾ പൂർത്തീകരിക്കുന്നതിന് വകുപ്പ് മന്ത്രി തലത്തിലും ചീഫ് എഞ്ചിനീയർമാരുടെയും യോഗങ്ങൾ വിളിച്ച് കൂട്ടി മാസങ്ങൾ കഴിഞ്ഞിട്ടും ഇതിനായി തയ്യാറാക്കി സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള അംഗീകാരം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇതിനുള്ള അംഗീകാരം എപ്പോൾ ലഭ്യമാക്കുമെന്നും ഈ പ്രവൃത്തി എന്ന് പുനരാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

(എ) യും (ബി) യും തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക് നിർമ്മാണം സംബന്ധിച്ച് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ സർക്കാരിന് ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് തൃപ്തികരമല്ലാത്തതിനാൽ പുതുക്കിയ ഭരണാനുമതിക്കുള്ള നിർദ്ദേശം അടങ്ങിയ പ്രൊപ്പോസൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് സമർപ്പിക്കാൻ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി റീ ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**